**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 659** **24-08-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കെ ആൻസലൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പാർലമെന്റിൽ അവതരിപ്പിച്ച വൈദ്യുതി (ഭേദഗതി) ബില്ലിൽ പൊതുമേഖലാ വൈദ്യുതി ഉല്പാദന പ്രസരണ വിതരണ കമ്പനികളെ ഉന്മൂലനം ചെയ്യുന്നതിന് വഴിവയ്ക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ടുള്ളതാണെന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ; | (എ) | ഇലക്ട്രിസിറ്റി ആക്റ്റ് 2003-ൽ സുപ്രധാന മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ ലോകസഭയിൽ അവതരിപ്പിച്ച Electricity (Amendment) Act, 2022 എന്ന ഭേദഗതി ബിൽ നിയമമാക്കുന്നത് പൊതുമേഖലാ വൈദ്യുതി കമ്പനികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനും വൈദ്യുതിയുടെ വില ഉയരുന്നതിനും കാരണമാകാൻ സാധ്യതയുണ്ട്.<br><br>താരതമ്യേന ചെലവ് കുറഞ്ഞ, നിലവിലെ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കുമ്പോഴും സർക്കാർ നയങ്ങൾ പ്രകാരം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവേറിയ പദ്ധതികളുടെ ബാധ്യത പൊതുമേഖലയിൽ നിലനിൽക്കും. ഇത് പൊതുമേഖലാ കമ്പനികളിൽനിന്നും ഉപഭോക്താക്കൾ വിട്ടുപോകാനും അത്തരം കമ്പനികൾ നഷ്ടത്തിൽ ആയി ക്രമേണ ഇല്ലാതെ ആകാനും സാധ്യതയുണ്ട്.<br><br>വൈദ്യുതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തകർച്ചയ്ക്ക് വഴിവയ്ക്കുന്ന പ്രസ്തുത ബില്ലിലെ വ്യവസ്ഥകളോടുള്ള വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുമോ; | (ബി) | ഇലക്ട്രിസിറ്റി ആക്ട് 2003-ൽ സുപ്രധാന മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ ലോകസഭയിൽ അവതരിപ്പിച്ച Electricity (Amendment) Act, 2022 എന്ന ഭേദഗതി ബിൽ നിയമമാക്കുന്നത് പൊതുമേഖലാ വൈദ്യുതി കമ്പനികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനും വൈദ്യുതിയുടെ വില ഉയരുന്നതിനും കാരണമാകാൻ സാധ്യതയുണ്ട്.<br><br>താരതമ്യേന ചെലവ് കുറഞ്ഞ, നിലവിലെ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കുമ്പോഴും സർക്കാർ നയങ്ങൾ പ്രകാരം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവേറിയ പദ്ധതികളുടെ ബാധ്യത പൊതുമേഖലയിൽ നിലനിൽക്കും. ഇത് പൊതുമേഖലാ കമ്പനികളിൽനിന്നും ഉപഭോക്താക്കൾ വിട്ടുപോകാനും അത്തരം കമ്പനികൾ നഷ്ടത്തിൽ ആയി ക്രമേണ ഇല്ലാതെ ആകാനും സാധ്യതയുണ്ട്.<br><br>വൈദ്യുതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ |

| | | | |
|---|---|---|---|
| | | | അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) | പൊതുമേഖലാ കമ്പനികളുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്ന മേൽ വ്യവസ്ഥകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ഏത് തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കുമോ; | (സി) | ഇലക്ട്രിസിറ്റി ആക്റ്റ് 2003-ൽ സുപ്രധാന മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ ലോകസഭയിൽ അവതരിപ്പിച്ച Electricity (Amendment) Act, 2022 എന്ന ഭേദഗതി ബിൽ നിയമമാക്കുന്നത് പൊതുമേഖലാ വൈദ്യുതി കമ്പനികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനും വൈദ്യുതിയുടെ വില ഉയരുന്നതിനും കാരണമാകാൻ സാധ്യതയുണ്ട്.<br><br>താരതമ്യേന ചെലവ് കുറഞ്ഞ, നിലവിലെ വൈദ്യുതി വാങ്ങൽ കരാറുകൾ സ്വകാര്യ മേഖലയുമായി പങ്ക് വയ്ക്കുമ്പോഴും സർക്കാർ നയങ്ങൾ പ്രകാരം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവേറിയ പദ്ധതികളുടെ ബാധ്യത പൊതുമേഖലയിൽ നിലനിൽക്കും. ഇത് പൊതുമേഖലാ |

| | | | |
|---|---|---|---|
| | | | കമ്പനികളിൽനിന്നും ഉപഭോക്താക്കൾ വിട്ടുപോകാനും അത്തരം കമ്പനികൾ നഷ്ടത്തിൽ ആയി ക്രമേണ ഇല്ലാതെ ആകാനും സാധ്യതയുണ്ട്.<br><br>വൈദ്യുതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |
| (ഡി) | ചെറുകിട ഉപഭോക്താക്കൾക്കും കർഷകർക്കും സംസ്ഥാന സർക്കാർ സൗജന്യമായോ കുറഞ്ഞ നിരക്കിലോ വൈദ്യുതി നൽകുന്നത് നിലയ്ക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | 'ക്രോസ് സബ്സിഡി' സംവിധാനത്തിൽ വാണിജ്യ ഉപഭോക്താക്കൾ, വളരെ ഉയർന്ന ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ശരാശരി വൈദ്യുതി വിലയേക്കാൾ (Average Cost of Supply) കൂടുതൽ നിരക്ക് ഈടാക്കുന്നതിനാലാണ് |

| | | | |
|---|---|---|---|
| | | | സാധാരണക്കാരായ ഗാർഹിക / കാർഷിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകി വരുന്നത് സാധ്യമാക്കുന്നത്.<br><br>ഒരു സർക്കാർ കമ്പനിയോ സ്ഥാപനമോ കൈകാര്യം ചെയ്യുന്ന 'ക്രോസ് സബ്സിഡി ബാലൻസിംഗ്" ഫണ്ട് സംസ്ഥാന സർക്കാർ സ്ഥാപിക്കണം എന്നും 'ക്രോസ് സബ്സിഡി', 'ക്രോസ് സബ്സിഡി സർചാർജ്", അല്ലെങ്കിൽ അധിക സർചാർജ് എന്നിവ വഴി ഒരു ഡിസ്ട്രിബ്യൂഷൻ ലൈസൻസിക്ക് ലഭിക്കുന്ന ‘അധിക തുക’ ക്രോസ് സബ്സിഡിയിൽ വരുന്ന കമ്മി നികത്തുന്നതിനായി ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ് എന്നും ഭേദഗതി നിർദ്ദേശിക്കുന്നു. എന്നാൽ സ്വകാര്യ കമ്പനികൾ അവരുടെ പക്കൽ ലഭിക്കുന്ന 'ക്രോസ്-സബ്സിഡി', 'ക്രോസ്-സബ്സിഡി സർചാർജ്", അധിക സർചാർജ് എന്നിവ ഫണ്ടിലേക്ക് ലഭ്യമാക്കാതെ വരുന്ന പക്ഷം അത് ക്രോസ് സബ്സിഡി സംവിധാനത്തിന്റെ തകർച്ചയിലേക്കും നയിച്ചേക്കാം. ഇത് മൂലം സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതിന് സാധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ